16749



# വകുപ്പുതല കണക്കുപരിശോധനാറിപ്പോർട്ട്

## ജില്ലാ പട്ടികജാതിവികസന ഓഫീസ് എറണാകുളം.

| | | |
|---|---|---|
| പരിശോധനാതീയതി | : | 22.05.2018 മുതൽ 25.05.2018 വരെ |
| പരിശോധനാകാലയളവ് | : | 01.01.2017 മുതൽ 31.03.2018 വരെ |
| പരിശോധനാവിഭാഗം | : | ഫിനാൻസ്.സി ആഡിറ്റ് സെക്ഷൻ |
| പരിശോധനാടീം അംഗങ്ങൾ | : | 1. ഹരികൃഷ്ണൻ സി.ജി (ജൂനിയർ സൂപ്രണ്ട്) |
| | | 2. ഗോപകുമാർ ബി.കെ (സീനിയർ ക്ളാർക്ക്) |

### പരിശോധനാകാലയളവിൽ ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥർ

**ജില്ലാ പട്ടികജാതിവികസന ഓഫീസർമാർ**

1. ശ്രീ.അബ്ദുൾ സത്താർ : 01.01.2017 മുതൽ 21.09.2017 വരെ
2. ശ്രീ.ജോസഫ് ജോൺ : 22.09.2017 മുതൽ തുടരുന്നു

**അസ്സി:ജില്ലാ പട്ടികജാതിവികസന ഓഫീസർമാർ**

1. ശ്രീ.ടി.എസ് രാജു : 01.01.2017 മുതൽ 12.01.2017 വരെ
2. ശ്രീമതി.സലിത എസ്.വി
   *ജൂനിയർ സൂപ്രണ്ട് (ഇൻചാർജ്ജ്)* : 13.01.2017 മുതൽ 31.01.2017 വരെ
3. ശ്രീ.ടി.എസ് രാജു : 01.02.2017 മുതൽ 28.02.2017 വരെ
4. ശ്രീമതി.സലിത എസ്.വി
   *ജൂനിയർ സൂപ്രണ്ട് (ഇൻചാർജ്ജ്)* : 01.03.2017 മുതൽ 28.04.2017 വരെ
5. ശ്രീമതി.പി.ജെ.പ്രീതാദേവി : 28.04.2017 മുതൽ 31.05.2017 വരെ
6. ശ്രീ.ജയപ്രകാശ് പി.എൻ
   *ജൂനിയർ സൂപ്രണ്ട് (ഇൻചാർജ്ജ്)* : 01.06.2017 മുതൽ 15.08.2017 വരെ
7. ശ്രീമതി. സിന്ധു പരമേശ് : 16.08.2017 മുതൽ 19.08.2017 വരെ
8. ശ്രീമതി. പ്രീതാ പ്രിയദർശിനി കെ ഗ്രിഗോറിയസ്
   *ജൂനിയർ സൂപ്രണ്ട് (ഇൻചാർജ്ജ്)* : 20.08.2017 മുതൽ 28.08.2017 വരെ
9. ശ്രീമതി. സിന്ധു പരമേശ് : 29.08.2017 മുതൽ 21.09.2017 വരെ
10. ശ്രീമതി. സിന്ധു പരമേശ് : 22.09.2017 മുതൽ തുടരുന്നു

പാർട്ട് I

**ആമുഖം:-**

1958 ഏപ്രിൽ 1 ന് രൂപീകൃതമായ എറണാകുളം ജില്ല സുദീർഘമായൊരു പൈതൃക ത്തിന്റെയും അന്താരാഷ്ട്ര പെരുമയുള്ള വ്യവസായ വാണിജ്യ വികസനത്തിന്റെയും അത്ഭു തകരമായ ഒത്തുചേരലാണ്. വടക്ക് തൃശ്ശൂർ ജില്ലയും, തെക്ക് ആലപ്പുഴ- കോട്ടയം ജില്ലകളും, കിഴക്ക് ഇടുക്കി ജില്ലയും, പടിഞ്ഞാറ് അറബിക്കടലും അതിർത്തി പങ്കിടുന്നു. 2407 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ജില്ലയിൽ കായലുകളും പുഴയും കൂടുതലായുള്ളത് ജില്ലയെ ജല സമൃദ്ധമാക്കുന്നു. 14 ബ്ളോക്കും, 13 മുനിസിപ്പാലിറ്റിയും, 1 കോർപ്പറേഷനും, 84 പഞ്ചാ യത്തും ഉൾപ്പെട്ടതാണ് എറണാകുളം ജില്ല. 2011 ലെ കാനേഷുമാരി പ്രകാരം ആകെ ജനസം ഖ്യയായ 3282388 പേരിൽ 160304 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഇതിൽ 78411 പേർ പുരുഷൻമാരും, 81893 പേർ സ്ത്രീകളുമാണ്. പട്ടികവിഭാഗത്തിൽപെട്ട പുലയ, വേലൻ, മണ്ണാൻ, പരവൻ എന്നീ വിഭാഗക്കാരും, ദുർബല വിഭാഗത്തിൽപ്പെട്ട ചക്ളിയ വിഭാഗക്കാരു മാണ് ജില്ലയിൽ കൂടുതലായി കണ്ടു വരുന്നത്.

എറണാകുളം ജില്ലാ പട്ടികജാതി വികസന ആഫീസിലെ 01.01.2017 മുതൽ 31.03.2018 വരെയുള്ള വകുപ്പുതല പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മുൻ പരിശോധന സംബന്ധിച്ച്

**A. വകുപ്പ് തല പരിശോധനാ റിപ്പോർട്ട്:-**

ഈ ഓഫീസിലെ 01.08.14 മുതൽ 31.12.16 വരെയുള്ള കാലയളവിലെ പരിശോധനാ റിപ്പോർട്ട് ഡയറക്ടറേറ്റിലെ ഫിൻ ബി1/22647/17 തീയതി 08/08/17 നമ്പർ കത്ത് പ്രകാരം ലഭിച്ചിട്ടുണ്ട്. ആയതിന് 01/03/18 ലെ ജി5/6865/17 നമ്പർ കത്ത് മുഖേന മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഡയറക്ടറേറ്റിൽ നിന്നും കത്തിന് മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

**B. എ.ജി.യുടെ പരിശോധനാ റിപ്പോർട്ട്:-**

ഈ ഓഫീസിലെ 01/03/16 മുതൽ 28/02/17 വരെയുള്ള കണക്കുകളുടെയും രജിസ്റ്ററുകളുടെയും പരിശോധനാറിപ്പോർട്ട് 18/04/17ലെ OA(HQ) IV/II/12-268/16-17 നം. കത്ത് മുഖേന ലഭിച്ചിട്ടുണ്ട്. ആയതിനുള്ള ആദ്യ മറുപടി ഈ ഓഫീസിലെ 29/06/17 ലെ ജി5/4790/17 നം. കത്ത് പ്രകാരം ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ എ.ജിയിൽ നിന്നും മറുപടി ലഭിച്ചു കാണുന്നില്ല. കത്ത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എ.ജി.യുടെ മുൻ പരിശോധനാ റിപ്പോർട്ടുകളിലെ മറുപടി നൽകാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു. അവയ്ക്ക് എത്രയും വേഗം മറുപടി അയച്ചു കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നമ്പർ | പരിശോധനാ റിപ്പോർട്ട് നമ്പർ | മറുപടി ശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1 | OA/HQ II /IV/12-320/12-13 | Part IIB-para III,VIII,IX |
| 2 | OA/HQ II /IV/12-186/13-14 | Part IIB-para I,III,IV,V,VI |
| 3 | OA/HQ II /IV/12-348/14-15 | Part IIB-para I,VI,VII,IX |
| 4 | OA/HQ II /IV/12-272/15-16 | Part IIB-para I to IX |

**പാർട്ട് II**

**ക്യാഷ്ബുക്കും അനുബന്ധ രേഖകളും:-**

**ബിൽ ബുക്കും ക്യാഷ് ബുക്കും:-**

a. ബിൽ നമ്പർ CB/2600/16-17 പ്രകാരം 07/03/17ന് തേർച്ച ചെയ്ത തുകയും ട്രഷറി ഓഫീസർ പാസ്സാക്കിയ തുകയും 18929/- രൂപയാണ്. ബിൽ തുക ഇതായിരിക്കെ ക്യാഷ്ബുക്കിൽ 18927/- രൂപ വരവും ചെലവും രേഖപ്പെടുത്തിയിരിക്കുന്നു. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

b. ചുവടെ ചേർക്കുന്ന ബില്ലുകൾ 'NIL' ബില്ലുകൾ ആണെന്നിരിക്കെ ക്യാഷ്ബുക്കിൽ തുകകൾ വരവ് ചെലവ് കാണിച്ചിരിക്കുന്നു. ബിൽ ബുക്കിൽ ബിൽ തുക രേഖപ്പെടുത്തേണ്ട കോളം 4(b) ലും തുക എഴുതിയിട്ടില്ല. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

| ബിൽ നമ്പർ | ട്രഷറിയിൽ പാസ്സാക്കിയ തുക | ക്യാഷ് ബുക്കിൽ വരവ് ചെലവ് കാണിച്ച തുക | തുക മാറിയ തീയതി |
|---|---|---|---|
| PB/NO-449/17-18 | NIL | Rs.340/- | 21/06/17 |
| PB/NO-450/17-18 | NIL | Rs.331553/- | 21/06/17 |
| PB/NO-741/17-18 | NIL | Rs.4309/- | 20/07/17 |
| PB/NO-742/17-18 | NIL | Rs.72672/- | 20/07/17 |
| PB/NO-809/17-18 | NIL | Rs.37693/- | 07/08/17 |
| PB/NO-810/17-18 | NIL | Rs.21818/- | 07/08/17 |
| PB/NO-2081/17-18 | NIL | Rs.266585/- | 16/12/17 |
| PB/NO-2082/17-18 | NIL | Rs.30308/- | 16/12/17 |
| PB/NO-2083/17-18 | NIL | Rs.17543/- | 16/12/17 |
| PB/NO-2260/17-18 | NIL | Rs.58432/- | 12/01/18 |
| PB/NO-2261/17-18 | NIL | Rs.274/- | 12/01/18 |
| PB/NO-2415/17-18 | NIL | Rs.31829/- | 09/02/18 |

c. ബിൽ നമ്പർ CB/1754/17-18 പ്രകാരം 27/10/17 ന് മാറിയ തുകയും ട്രഷറി ഓഫീസർ പാസ്സാക്കിയ തുകയും 15,75,000/-ആണ്. ബിൽ തുക ഇതായിരിക്കെ ക്യാഷ് ബുക്കിൽ വരവും ചെലവും രേഖപ്പെടുത്തിയ തുക 5,75,000/- ആണ്. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

d. CB/2513/17-18 പ്രകാരമുള്ള ബിൽ തുക 2,00,000/- രൂപയാണ്. എന്നാൽ ഈ തുകയ്ക്കു പകരം 20,000/-രൂപയാണ് ട്രഷറി ഓഫീസർ ബിൽ ബുക്കിലെ 10(b) കോളത്തിൽ എഴുതി പാസ്സാക്കിയിരിക്കുന്നത്. ട്രഷറി കണക്കുമായി ഒത്തു നോക്കി ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

e. CB/3098/17-18 പ്രകാരമുള്ള 3,00,000/- രൂപ 29/03/18ന് ക്യാഷ് ബുക്കിൽ വരവ് ചേർത്തിട്ടുണ്ട്. എന്നാൽ ബിൽ ബുക്കിലെ 10(b) കോളത്തിൽ തുക എഴുതിയ ശേഷം വെട്ടിയിരിക്കുന്നു. ഒബ്ജക്ഷൻ രേഖപ്പെടുത്തിയതും വെട്ടിയിരിക്കുന്നു. പിന്നീട് പാസ്സാക്കിയ തുക എഴുതി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

f. 2016-17 ബിൽ ബുക്കിലെ 56 മുതൽ 67 വരെയുള്ള പേജുകളിലും 2017-18 ലെ ബിൽ ബുക്കിലും ഓഫീസറുടെ ഡെസിഗ്നേഷൻ/ഓഫീസിന്റെ പേര്, ട്രഷറിയുടെ പേര് എന്നിവ രേഖപ്പെടുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

g. KTC Vol. I, Rule 92 (a) (ii) പ്രകാരം ക്യാഷ്ബുക്കിലെ ഓരോ വരവ് ചെലവ് രേഖപ്പെടുത്തലും ഡ്രോയിംഗ് ആൻഡ് ഡിസ്ബേർസിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ 26/09/17 മുതൽ 27/02/18 വരെയുള്ള കാലയളവിൽ അപ്രകാരം ചെയ്തു കാണുന്നില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

h. പരിശോധനാ കാലയളവിൽ ക്യാഷ്ബുക്ക് പേജുകളിൽ ഓഫീസിന്റെ പേര്, ഏതു മാസത്തെ പണമിടപാട് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

i. 16/01/17, 03/02/17, 20/03/17, 28/03/17, 16/03/17 എന്നീ തീയതികളിൽ STSB യിൽ നിന്നും ചെക്ക് വഴി ലഭ്യമാക്കിയ തുകകൾ ക്യാഷ് ബുക്കിൽ വരവ് കാണിച്ചിട്ടുള്ളതായി കാണുന്നു. (മെയിൻ ക്യാഷ്ബുക്കിൽ) ഇത് ഒഴിവാക്കേണ്ടതും അവയുടെ വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതുമാണ്.

j. പരിശോധന തീയതിയായ 22/05/18ന് നീക്കിയിരിപ്പ് തുക ഇല്ല.

<u>സി.ആർ.ഡി.ആർ</u>

പരിശോധനാ കാലയളവിൽ ഈ ഓഫീസിൽ സി.ആർ.ഡി.ആർ ഉപയോഗിച്ചിട്ടില്ല. മറ്റു പരാമർശമില്ല.

**<u>T.R. 5 രസീത് ബുക്ക്</u>**

a. T.R. 5 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. എന്നാൽ T.R. 5 സ്റ്റോക്ക് രജിസ്റ്ററിൽ വാർഷിക ഭൗതിക പരിശോധനാ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

b. സെൻട്രലൈസ്ഡ് നമ്പറിംഗ് സിസ്റ്റം പ്രകാരമുള്ള T.R. 5 രസീത് ബുക്ക് നം. 8336 നിലവിലുണ്ട്. ഇതിലെ ആദ്യത്തെ രണ്ട് രസീതുകൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പരിശോധനാ കാലയളവിൽ T.R. 5 രസീതുകൾ ഉപയോഗിച്ചിട്ടില്ല.

<u>ചെലാൻ ഫയൽ</u>

ചെലാൻ രജിസ്റ്റർ പരിപാലിച്ചുവരുന്നുണ്ട്. എന്നാൽ പരിശോധനാകാലയളവിൽ ഓഫീസിൽ നിന്നും തുകകളൊന്നും തിരിച്ചടച്ചതായി കാണുന്നില്ല.

<u>അക്വിറ്റൻസ്(സ്റ്റാഫ്):-</u>

a. 03/01/17ൽ PB/NO-1946/16-17 പ്രകാരം 371680/- രൂപയാണ് മാറിയത്. ആയത് ക്യാഷ് ബുക്കിൽ വരവ് ചേർത്തിട്ടുമുണ്ട്. എന്നാൽ 03/01/17ൽ ക്യാഷ് ബുക്കിൽ ചെലവ് 37680/- എന്നാണ് രേഖപ്പെടുത്തിക്കാണുന്നത്. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

b. 04/10/17 മുതലുള്ള അക്വിറ്റൻസ് രജിസ്റ്ററിലെ പേജ് 29 റദ്ദ് ചെയ്തത് സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

c. 18/10/16 മുതൽ 03/10/17 വരെയുള്ള രജിസ്റ്റർ പേജ് 93ൽ ഷാജി കെ.ആർ ഒപ്പ് വച്ചിട്ടില്ല. 04/10/17 മുതലുള്ള രജിസ്റ്റർ പേജ് 1,14,41 എന്നിവയിലും ഒപ്പ് വച്ച് കാണുന്നില്ല. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

**അക്വിറ്റൻസ്(വേതനം)**

a. 02/02/17 മുതലുള്ള രജിസ്റ്ററിൽ 3, 5-28 എന്നീ പേജുകളിൽ KTC Vol. I, Rule 432 (d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.
b. ഈ രജിസ്റ്ററിലെ 5,18,26,27,28 എന്നീ പേജുകളിൽ ജീവനക്കാർ കോളം - 10ൽ ഒപ്പ് വച്ചിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

**അക്വിറ്റൻസ്(ഗസറ്റഡ് ഓഫീസർമാർ)**

a. 01/02/16 മുതലുള്ള രജിസ്റ്ററിലെ 36 മുതൽ 83 വരെയുള്ള പേജുകളിൽ KTC Vol. I, Rule 432(d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.
b. ഈ രജിസ്റ്ററിലെ 34,44,47,46,51 to 54, 66 to 69, 75 to 78 എന്നീ പേജുകളിൽ ബന്ധപ്പെട്ട ജീവനക്കാർ തീയതി വച്ച് ഒപ്പ് ഇട്ടിട്ടില്ല. പേജ് 34 ൽ സ്റ്റാമ്പ് പതിച്ചിട്ടുണ്ടെങ്കിലും ഒപ്പ് വയ്ക്കുകയോ സ്റ്റാമ്പ് റദ്ദ് ചെയ്യുകയോ ചെയ്തിട്ടില്ല. വിശദീകരണം നല്കേണ്ടതാണ്.

**അക്വിറ്റൻസ് (അപ്രന്റിസ് ക്ലാർക്ക് & സപ്പോർട്ടിംഗ് എൻജിനീയർ)**

a. ഈ രജിസ്റ്ററിലെ 43 മുതൽ 59 വരെയുള്ള പേജുകളിൽ KTC Vol. I, Rule 432 (d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഇല്ല. 43,45,52,55,58 എന്നീ പേജുകളിൽ ജീവനക്കാർ ഒപ്പ് രേഖപ്പെടുത്തിക്കാണുന്നില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.
b. ഇവരുടെ 2017, 2018 എന്നീ വർഷങ്ങളിലെ അറ്റന്റൻസ് രജിസ്റ്ററിൽ പൊതു അവധി ദിവസങ്ങൾ, പ്രാദേശിക അവധി ദിനങ്ങൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തിക്കാണുന്നില്ല. 2017 മുതലുള്ള അറ്റന്റൻസ് രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

**രസീതുകൾ 2017-18**

കൈപ്പറ്റു രസീതുകളിൽ ഓഫീസർ പേ-ഓർഡർ എഴുതി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. കറണ്ട് ചാർജ് അടച്ച രസീതുകളിൽ ഈ ഓഫീസിൽ നിന്നും എത്ര തുകയാണ് ഈ ഇനത്തിൽ അടയ്ക്കാനായി നൽകിയതെന്ന് എഴുതി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

**STSB-150**

ഈ അക്കൗണ്ടിൽ 24/05/18ന് 98,000/- രൂപ ബാലൻസുണ്ട്. ചെക്ക് ബുക്കിനോടൊപ്പമുള്ള റിക്കാർഡ് സ്ലിപ്പിൽ തുക പിൻവലിച്ചതിന്റെ വിവരങ്ങൾ മാത്രമേ എഴുതിയിട്ടുള്ളു. ഓരോ ചെക്ക് നൽകുമ്പോഴും റിക്കാർഡ് സ്ലിപ്പിൽ ആവശ്യമായ മറ്റു രേഖപ്പെടുത്തലുകൾ (Deposits, Balance) കൂടി വരുത്തേണ്ടതാണ്.

**PD. A/c No. 563 (ചികിത്സാ ധനസഹായം)**

31/03/18 ന് ഈ അക്കൗണ്ടിൽ 1181/- രൂപ നീക്കിയിരിപ്പുണ്ട്. മറ്റ് പരാമർശമില്ല.

**STSB-60 (Old No. 5671)**

നിലവിൽ ഈ അക്കൗണ്ടിൽ (പരിശോധന സമയത്ത്) 1,66,900/- രൂപ ബാലൻസുണ്ട്. 19/07/17ന് ശാന്ത, ചെരുവിള പുത്തൻപുര(H), Vodattupara എന്നയാൾക്ക് 1,50,000/- രൂപയുടെ SB/JC No. 2166356 നമ്പർ ചെക്ക് എഴുതിയത് റദ്ദ് ചെയ്ത് വച്ചിട്ടുണ്ട്. ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## പാർട്ട് III

## വിവിധ പദ്ധതികൾ സംബന്ധിച്ച്

### 1. ഭവന നിർമ്മാണ ധനസഹായം

2007-08 മുതൽ 2017-18 വരെയുള്ള ഭവന നിർമ്മാണത്തിന്റെ ധനസഹായ പദ്ധതിയുടെ പുരോഗതിയും ഇനിയും പൂർത്തിയാക്കാനുള്ള വീടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം. | ഭൗതിക ലക്ഷ്യം | 31/03/2018 വരെ പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | ഇനി പൂർത്തിയാക്കാനുള്ള വീടുകളുടെ എണ്ണം | പൂർത്തിയാക്കാനുള്ള വീടുകളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 1800 | 26 | 71 | 29 | 26 | 16 |
| 2008-09 | 1261 | 34 | 67 | 31 | 14 | 22 |
| 2009-10 | 1200 | 33 | 58 | 28 | 17 | 13 |
| 2010-11 | 650 | 38 | 53 | 33 | 6 | 14 |
| 2011-12 | 220 | 12 | 30 | 11 | 11 | 8 |
| 2012-13 | 495 | 20 | 13 | 6 | 0 | 7 |
| 2013-14 | 537 | 47 | 92 | 2 | 61 | 29 |
| 2014-15 | 380 | 27 | 27 | 10 | 12 | 5 |
| 2015-16 | 491 | 60 | 56 | 23 | 13 | 20 |
| 2016-17 | 1355 | 761 | 367 | 61 | 146 | 160 |
| 2017-18 | 822 | 114 | 708 | 408 | 180 | 120 |
| ആകെ | 9211 | 1172 | 1542 | 642 | 486 | 414 |

ജില്ലയിൽ ഇനിയും പൂർത്തിയാക്കാത്ത വീടുകളുടെ എണ്ണം വളരെ കൂടുതലാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അവശേഷിക്കുന്ന വീടുകൾ പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചുചേർക്കുന്നതിന് എസ്.സി.ഡി.ഒ മാർക്ക് നിർദ്ദേശം നൽകേണ്ടതും, സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ചു നൽകുന്ന വിവരം ബ്ലോക്ക് തിരിച്ച് ഒരു രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വർഷം തിരിച്ച് അക്കൗണ്ടന്റ് ജനറലിനു അയച്ച വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. <u>ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി.</u>

2014-15 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ ഒരു സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിക്കപ്പെട്ടവരുടെ എണ്ണം | I-ാം ഗഡു അനുവദിച്ചത് | II-ാം ഗഡു അനുവദിച്ചത് | ഇനിയും പൂർത്തിയാക്കാത്തവരുവടെ എണ്ണം |
|---|---|---|---|---|
| 2014-15 | 530 | 530 | 523 | 7 |
| 2015-16 | 530 | 530 | 521 | 9 |
| 2016-17 | 668 | 668 | 554 | 114 |
| | | | ആകെ | 130 |

2017-18 ന് ടാർജറ്റ് ലഭിച്ചിട്ടില്ല. ശേഷിക്കുന്ന 130 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. <u>ഭൂരഹിത പുനരധിവാസ പദ്ധതി</u>

2015-16 വർഷം മുതൽ 2016-17 വർഷംവരെയുള്ള 2 വർഷക്കാലം ഭൂരഹിത പുനരധിവാസ ധനസഹായം നല്കുന്നതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു,

| വർഷം | അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | | | ചിലവഴിച്ച തുക |
|---|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | |
| 2016-17 | 472 | 428 | 42 | 2 | 17,86,38,175 |
| 2017-18 | 467 | 424 | 42 | 1 | 17,58,12,230 |

ബ്ളോക്ക് /മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ മുഖേന അനുവദിച്ച തുക, വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത് എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലേയ്ക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.
മറ്റ് പരാമർശങ്ങൾ ഇല്ല.

4. <u>ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി</u>

2016-17 മുതൽ 2017-18 വർഷം വരെയുള്ള 2 വർഷക്കാലം ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരംചുവടെ ചേർക്കുന്നു

| ഇനം | 2016-17 | | 2017-18 | |
|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക |
| ഭൂമി | 13 | 4875000 | 4 | 1500000 |
| വീട് (സ്പിൽഓവർ) | 8 | 770000 | 8 | 1402500 |
| വീട് (പുതിയത്) | 11 | 630000 | 8 | 1395000 |
| വീട് മെയിന്റനൻസ് | 0 | 0 | 0 | 0 |
| കിണർ/കുഴൽ കിണർ | 0 | 0 | 0 | 0 |
| ആകെ | 32 | 6275000 | 20 | 4297500 |

മറ്റ് പരാമർശങ്ങളില്ല

5. **ശൗച്യാലയ നിർമ്മാണ പദ്ധതി**

ജില്ലയിൽ ടി പദ്ധതിയിലൂടെ 2012-13 മുതൽ 2015-16 വരെയുള്ള ചെലവും ഭൗതിക പുരോഗതിയും ചുവടെ ചേർക്കുന്നു.

| വർഷം | ഭൗതിക നേട്ടം | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2012-13 | 2110 | 2084 | 26 |
| 2013-14 | 2302 | 2292 | 10 |
| 2014-15 | 1300 | 1300 | 0 |
| 2015-16 | 1500 | 1374 | 126 |
| 2016-17 | - | - | - |
| 2017-18 | - | - | - |
| ആകെ | 7212 | 7050 | 162 |

കേരളം സമ്പൂർണ്ണ വെളിയിട വിസ്സർജ്ജ്യരഹിത സംസ്ഥാനമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ സ്പിൽ ഓവറായി അവശേഷിക്കുന്നവരെകൂടി സർക്കാർ തലത്തിൽ പ്രത്യേക അനുമതി നേടി ടൊയിലറ്റ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്. മറ്റ് പരാമർശങ്ങളില്ല.

6. **വിവാഹ ധനസഹായ പദ്ധതി.**

2016-17, 2017-18 വർഷം പദ്ധതി പ്രകാരമുള്ള ചിലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളാടെ എണ്ണം | ചിലവഴിച്ച തുക |
|---|---|---|
| 2016-17 | 610 | 30,500,000/ |
| 2017-18 | 646 | 4,25,00,000/ |

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകളും ക്രമമായി രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. വിവിധ ബ്ളോക്കുകൾക്ക് നൽകിയ തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുടെ സംഷിപ്തം മാസാന്ത്യം എഴുതി DDO സാക്ഷ്യപ്പെടുത്തേണ്ടതാണ്. ന്യൂനത പരിഹരിക്കേണ്ടതാണ്.

വിവിധ ബ്ളോക്കിൽ നിന്നുള്ള 2017-18 ലെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കിയതായി കാണുന്നില്ല. എന്നാൽ 2016-17 ലെ അങ്കമാലി ബ്ളോക്ക് ഒഴികെയുള്ളവയുടെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭിച്ചിട്ടുണ്ട്. വിവിരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. **മിശ്രവിവാഹധനസഹായം.**

ആഡിറ്റ് കാലയളവിൽ ജില്ലയിൽ മിശ്രവിവിഹധനസഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണവും ചെലവ് വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളാടെ എണ്ണം | ചിലവഴിച്ച തുക | സ്ത്രീ/ പുരുഷൻ |
|---|---|---|---|
| 2016-17 | 140 | 70,00,000/ | 54 / 86 |
| 2017-18 | 254 | 1,56,75,000/ | 111 / 143 |

രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. മിശ്രവിവാഹ ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ എത് സംരംഭമാണ് ആരംഭിക്കുന്നത് എന്ന വിവരം കൂടി രജിസ്റ്ററിൽ എഴുതേണ്ടതാണ്. ന്യൂനത പരിഹരിക്കേണ്ടതാണ്.

2017-18 വർഷം DDO യുടെ 28/3/18 തീയതിയിലെ G3 7134/17 ഉത്തരവ് പ്രകാരം ആനുകൂല്യം അനുവദിക്കപ്പെട്ട ശ്രീകുമാർ പി.എസ്-സൂര്യ ഭാസ്കരൻ ദമ്പതികൾ (എടപ്പള്ളി ബ്ളോക്ക്), സുമേഷ്കുമാർ - ഷെഫീന ദമ്പതികൾ (തൃപ്പൂണ്ണിത്തറ ബ്ളോക്ക്) എന്നിവർക്ക് അപേക്ഷ പ്രകാരമുള്ള സംരംഭം ആരംഭിക്കുന്നതിനാണോ തുക അനുവദിച്ചതെന്ന വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. യു.സി എല്ലാ എസ്.സി.ഡി.ഒ മാർ സമയബന്ധിതമായി അയക്കുന്നുണ്ടെന്നും ആയത് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്നും DDO ഉറപ്പു വരുത്തേണ്ടതാണ്. വിവരം റിപ്പോർട്ട് ചെയ്യുക.

8. ചികിൽസാ ധനസഹായം

2016-17, 2017-18 വർഷം ടി പദ്ധതിക്കായി ചിലവഴിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചിലവ് |
|---|---|---|
| 2016-17 | 1550 | 2,51,43,000/ |
| 2017-18 | 1898 | 4,09,07,500/ |

ചികിത്സാ ധനസഹായമായി സർക്കാരിൽ നിന്നും, വകുപ്പ് ഡറക്ട്രേറ്റിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. 2017 സെപ്ടംബർ മാസം മുതൽ ടി-ഗ്രാന്റ്സ് മുഖേന വിതരണം ചെയ്യുന്ന തുക നേരിട്ട് SCDO മാർ മുഖേന ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനാൽ ടി വിവരം ജില്ലാ ഓഫീസിൽ നിന്നും ലഭ്യമാകുന്നില്ല.

ചികിത്സാ ധനസഹായം വിതരണം ചെയ്യുമ്പോൾ സൂക്ഷിക്കേണ്ട അക്വിറ്റൻസ് രജിസ്റ്റർ പരിപാലിക്കുന്നത് ശരിയായ രീതിയിലല്ല. വിവിധ ഉത്തരവ് പ്രകാരം ചികിത്സാധനസഹായമായി വിതരണം ചെയ്യുന്ന തുക ചെക്കായി SCDOമാർക്കും, സ്ഥാപനങ്ങൾക്കും നൽകുന്നതായി കാണുന്നു. കുടാതെ ബ്ളോക്ക് മുഖാന്തരം മാറുന്നതിന് അലോട്ടുമെന്റും നൽകി ഉത്തരവാകുന്നുണ്ട്. ഇവയെല്ലാം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ആയതിനാൽ കൃത്യമായ കണക്ക് ലഭ്യമാകുന്നതിന് പ്രയാസമാണ്. വിവരം റിപ്പോർട്ട് ചെയ്യുക.

ബ്ളോക്കിലേയ്ക്ക് അനുവദിച്ചുത്തരവാക്കുന്ന തുക വെവ്വേറെ ചെക്കായി നൽകുന്നതായി കാണുന്നു. ഉത്തരവാകുന്ന തുക ഒരു ചെക്കിൽ രേഖപ്പെടുത്തി ആയത് ക്രഡിറ്റു ചെയ്യേണ്ട അക്കൗണ്ട് ലിസ്റ്റ് സഹിതം ട്രഷറിയിൽ നൽകിയാൽ മതിയാകും. ടി വിവരം അക്വിറ്റൻസിൽ രേഖപ്പെടുത്തേണ്ടതാണ്.

23/3/2017 ലെ ഉത്തരവ് പ്രകാരം 45000/ രൂപ പാമ്പാക്കുട, മുളന്തുരുത്തി എന്നീ ബ്ളോക്കുകൾക്ക് അനുവദിച്ചതായി കാണുന്നു. എന്നാൽ പാമ്പാക്കുട ബ്ളോക്ക് 2000/ രൂപ മാത്രം കൈപ്പറ്റിയതായി അക്വിറ്റൻസിൽ ഒപ്പിട്ടിട്ടുണ്ട്. വിശദീകരണം നൽകുക.

വിവിധ ബ്ളോക്കിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കിയതായി കാണുന്നില്ല. വർഷം തിരിച്ചുള്ള യു.സി ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. <u>സ്വയം തൊഴിൽ ധനസഹായ പദ്ധതി.</u>

2017-18 വർഷം ടി പദ്ധതി പ്രകാരമുള്ള ചിലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചിലവ് | സറണ്ടർ |
|---|---|---|---|---|
| 2016-17 | 54 (50 ആൺ, 4 പെൺ) | 4159710 | 4156133 | 3577 |
| 2017-18 | 88 (69 ആൺ, 19 പെൺ) | 6594972 | 65,12,472 | 32500 |

രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. മാസാന്ത്യം സംക്ഷിപ്തം എഴുതി DDO സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആഡിറ്റ് കാലയളവിലെ യു.സി എ.ജിക്ക് അയച്ചത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റ് പരാമർശങ്ങളില്ല.

10. <u>വിദേശ തൊഴിൽ ധനസഹായ പദ്ധതി.</u>

2016-17, 2017-18 വർഷങ്ങളിൽ ടി പദ്ധതി പ്രകാരമുള്ള ചിലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചിലവ് |
|---|---|---|
| 2016-17 | 14 | 6,60,000 |
| 2017-18 | 19 | 13,50,000 |

വിദേശ തൊഴിൽ ധനസഹായ പദ്ധതി പ്രകാരം രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. 2016-17 മുതൽ ഉത്തരവിലെ അനുബന്ധ ലിസ്റ്റ് രജിസ്റ്ററിൽ ഒട്ടിച്ചു വയ്ക്കുന്നുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്. മറ്റ് പരാമർശങ്ങളില്ല.

11. <u>സ്വയം സഹായ സംഘങ്ങൾ</u>

2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സംഘങ്ങളുടെ എണ്ണം | ചിലവഴിച്ച തുക |
|---|---|---|
| 2016-17 | 3 | 11,58,000 |
| 2017-18 | 2 | 10,00,000 |

2016-17 വർഷം പള്ളുരുത്തി, മൂവാറ്റുപുഴ ബ്ളോക്ക് മുഖാന്തരവും 2017-18 വർഷം കൂവപ്പടി, വാഴക്കുളം എന്നീ ബ്ളോക്കുകൾ മുഖാന്തരവും ആനുകൂല്യം നൽകിയതായി കാണുന്നു. ടി ആവശ്യത്തിലേയ്ക്ക് ഒരു രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. വിവിധ ഉത്തരവ് പ്രകാരം പ്രോജക്റ്റിന്റെ ആവശ്യത്തിലേയക്ക് ചിലവഴിച്ച തുകയുടെ രസീതുകൾ, എ.ജിയ്ക്ക് അയച്ച വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

12. വക്കീലൻമാർക്കുള്ള ധനസഹായം.

2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ ആനുകൂല്യം ലഭിച്ചവർ | ചെലവഴിച്ച തുക | ആൺ/പെൺ |
|---|---|---|---|
| 2016-17 | 15 | 1,49,000/- | |
| 2016-17 | 19 | 2,95,000/- | 6 / 13 |

രജിസ്റ്ററുകളും ഫയലും കുറ്റമറ്റരീതിയിൽ പരിപാലിക്കുന്നുണ്ട്. വർഷാന്ത്യം സംക്ഷിപ്തം എഴുതി ജില്ലാ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2017-18 വർഷം ടി ആനുകൂല്യം കൈപ്പറ്റിയ ശ്രീ. നിധിൻകുമാർ എന്ന വിദ്യാർത്ഥി അക്വിറ്റൻസ് രജിസ്റ്ററിൽ ഒപ്പിട്ടതായി കാണുന്നില്ല. (പേജ് നമ്പർ 26) വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

13. ലംപ്സംഗ്രാന്റ് വിതരണം

2016-17, 2017-18 വർഷങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നല്കുന്നതിനായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗ്രാന്റ് നൽകിയിട്ടുള്ള എസ്.സി കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക | ആൺ | പെൺ |
|---|---|---|---|---|
| 2016-17 | 31760 | 3,21,39,782/- | 15683 | 16077 |
| 2017-18 | 30680 | 2,95,85,259/- | 15254 | 15421 |

ബ്ളോക്കിനു അനുവദിക്കുന്ന തുക സംബന്ധിച്ച് വിവരം രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയത് പരിപാലിക്കേണ്ടതാണ്. ഫയൽ വൃത്തിയായി കൈകാര്യം ചെയ്യുന്നതിൽ കുറച്ചു കുടി ശ്രദ്ധ നൽകേണ്ടതാണ്.

അക്കൗണ്ട്സിൽ നിന്നുള്ള വിവരം അനുസരിച്ച് 2017-18 വർഷം 30680 പേർക്ക് 29585259/- രൂപ ചിലവഴിച്ചതായി കാണുന്നു. എന്നാൽ ഫയൽ പ്രകാരം 26478798/- രൂപയും മാത്രമാണ് ചിലവഴിച്ചിട്ടുള്ളത്. വ്യത്യാസം പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2017-18 ൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 2017-18, 2016-17 എന്നീ വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

14. <u>പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.</u>

1 മുതൽ 4 വരെ ക്ളാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യഭ്യാസ വർഷാരംഭത്തിൽ പ്രാഥമിക പഠനാവശ്യങ്ങളായ യൂണിഫോം, കുട, ബാഗ്, ബുക്ക്, സ്റ്റേഷ്ണറി സാധനങ്ങൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ്. പദ്ധതി പ്രകാരം 2016-17, 2017-18 വർഷങ്ങളിൽ ജില്ലാ ഓഫീസ് മുഖേന ആനുകൂല്യം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ആനുകൂല്യം ലഭിച്ച കുട്ടികൾ | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 9839 | 1,97,01,100/- |
| 2017-18 | 10204 | 2,04,09,107/- |

പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് വിതരണം സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയത് പരിപാലിക്കേണ്ടതാണ്. ഫയൽ വളരെ അലക്ഷ്യമായി കൈകാര്യ ചെയ്യുന്നതായി കാണുന്നു. ഉത്തരവുകൾ, കത്തുകൾ എന്നിവ ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

യു.സി എല്ലാ എസ്.സി.ഡി.ഒ മാരിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ചതിന്റെ പകർപ്പ് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

15. <u>സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്.</u>

5 മുതൽ 8 വരെ ക്ളാസ്സുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വർഷാരംഭത്തിൽ പ്രാഥമിക പഠനാവശ്യങ്ങളായി 2000/ രൂപ അനുവദിച്ചു വരുന്നു. പദ്ധതി പ്രകാരം 2017-18 വർഷം 11500 വിദ്യാർത്ഥിക്കൾക്കായി 23000202/ രൂപ ചിലവഴിച്ചതായി കാണുന്നു. ഇതിലേയ്ക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

16. <u>പ്രത്യേക പ്രോത്സാഹന സമ്മാനം</u>

2016-17, 2017-18 വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ആനുകൂല്യം ലഭിച്ച കുട്ടികൾ | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 2351 | 63,50,000/- |
| 2016-17 | 2426 | 62,79,000/- |

പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി സംബന്ധിച്ച് നിലവിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയത് പരിപാലിക്കേണ്ടതും ബ്ളോക്കുകൾക്ക് അനുവദിച്ച തുക, വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത് എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ചതിന്റെ പകർപ്പ് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

17. ശ്രീ.അയ്യൻകാളിടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കീം.

2016-17, 2017-18 വർഷങ്ങളിൽ ധനസഹായം നൽകിയ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ ആനുകൂല്യം ലഭിച്ചവർ | ചെലവഴിച്ച തുക | ആൺ/പെൺ |
|---|---|---|---|
| 2016-17 | 309 | 14,18,403/- | |
| 2016-17 | 287 | 13,22,500/- | 184/103 |

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബ്ളോക്ക് തലത്തിൽ ആനുകൂല്യ നൽകുന്നതു സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ചതായി കാണുന്നില്ല. ആയത് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബ്ളോക്ക് തലങ്ങളിൽ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെന്നും, വിദ്യാർത്ഥികളുടെ പഠന നിലവാരം സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് എസ്.സി.ഡി.ഒ മാർ പരിശോധിക്കുന്നുണ്ടെന്നും എസ്.സി പ്രമോട്ടർമാർ കട്ടികളുടെ ഭവന സന്ദർശനം നടത്തി പഠനനിലവാരം പരിശോധിക്കുന്നുണ്ടെന്നും ജില്ലാ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

18. ശ്രീ.അയ്യൻകാളിടാലന്റ് സെർച്ച് സ്കോളർഷിപ്പ് - ഏകദിന സെമിനാർ.

| വർഷം | വിവരണം |
|---|---|
| 2016-17 | 120 വിദ്യാർത്ഥികൾ രക്ഷിതാക്കൾ പ്രമോട്ടർമാർ എന്നിവരെ ഉൾപ്പെടുത്തി നടത്തിയസെമിനാറിലേയ്ക്കായി 31000/- രൂപ ചെലവഴിച്ചു. |
| 2017-18 | 115 വിദ്യാർത്ഥികൾ രക്ഷിതാക്കൾ പ്രമോട്ടർമാർ എന്നിവരെ ഉൾപ്പെടുത്തി നടത്തിയസെമിനാറിലേയ്ക്കായി 28095/- രൂപ ചെലവഴിച്ചു. |

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 22/6/17 തീയതിയിലെ Dev C2 12176/17 നമ്പർ ഉത്തരവ് പ്രകാരം 2017 വർഷം ഏകദിന സെമിനാർ സംഘടിപ്പിക്കുന്നതിന് 28000/ രൂപ അനുവദിക്കുകയും 26/8/2017 ന് സെമിനാർ നടന്നതായും കാണുന്നു. സെമിനാറിന് അനുവദിച്ച 28000/ രൂപ ക്രമീകരിച്ചിട്ടുണ്ട് . എന്നാൽ സെമിനാറിലേയ്ക്ക് 28095 രൂപ ചിലവഴിച്ചതായി കാണുന്നു. അധികമായി ചിലവഴിച്ച തുക ഡയറക്ടറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സെമിനാറിലേയ്ക്ക് 10/8/17 ലെ DDO യുടെ G5-9512/17 നമ്പർ പ്രകാരമുള്ള ക്വട്ടേഷൻ നോട്ടീസിൽ ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി 24/8/2017 3 മണിക്കും അന്നേദിവസം 4 മണിക്ക് ക്വട്ടേഷൻ തുറക്കുമെന്നാണ് പരാമർശിക്കുന്നത്. എന്നാൽ ക്വട്ടേഷൻ അടുത്ത ദിവസമായ 25/8/2017 നാണ് തുറന്നതായി കാണുന്നത്. ക്വട്ടേഷൻ തുറക്കുന്നതിനുള്ള കാലതാമസം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ചതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

19. ബുക്ക് ബാങ്ക് പദ്ധതി

2016-17, 2017-18 വർഷങ്ങളിൽ ബുക്ക് ബാങ്ക് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2016-17 | 13 | 215 | 6,49,300/ |
| 2017-18 | 12 | 193 | 6,48,600/ |

ഫയലുകളും രജിസ്റ്ററുകളും നല്ല രീതിയിൽ പരിപാലിക്കുന്നുണ്ട്.

2016-17 വർഷം 13 സ്ഥാപനങ്ങളിലെ 215 വിദ്യാർത്ഥികൾക്ക് 675400/- രൂപ നൽകിയതായി ഫയലിലും 6,49,300/-രൂപ നൽകിയതായി രജിസ്റ്ററിലും കാണുന്നു. വ്യത്യാസം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

2016-17 ൽ അക്വിറ്റൻസ് ലഭ്യമാക്കേണ്ട സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | School of Legal studies | - 80000 |
| 2. | Govt Poly Technic, Kalamassery | - 52000 |
| 3. | Govt Poly Technic, Kothamangalam | - 28800 |
| 4. | Govt Ayurveda college Tripunnithara | - 19000 |
| 5. | Govt law College, Ernakulam | - 74000 |
| 6. | Padiyar memorial Homoeo college | - 15000 |
| 7. | Govt . Medical College, Ernakulam | - 41500 |

2017-18 ൽ അക്വിറ്റൻസ് ലഭ്യമാക്കിയ സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | School of Legal studies CUSAT | - 74000 |
| 2. | School of Management studies CUSAT | - 64000 |
| 3. | Govt Poly Technic, Kalamassery | - 44800 |
| 4. | Govt Poly Technic, Kothamangalam | - 18400 |
| 5. | Govt Ayurveda college Tripunnithara | - 19000 |

അക്വിറ്റൻസ് ലഭ്യമാക്കാത്ത സ്ഥാപനങ്ങളിൽ നിന്നുള്ളവ അടിയന്തരമായി കൈപ്പറ്റി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

20. ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 2017-18 | 68 | 321 | 16450000 | 8025000 | 8425000 |

ഈ ഇനത്തിൽ ആനുകൂല്യം നൽകുന്നതു സംബന്ധിച്ച് നിലവിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയത് പരിപാലിക്കേണ്ടതും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക, വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത് സംബന്ധിച്ചുള്ള വിവരം എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഫയൽ വൃത്തിയായി കൈകാര്യം ചെയ്യുന്നതിന് കുറച്ചു കൂടി ശ്രദ്ധ നൽകേണ്ടതാണ്.

ആഡിറ്റ് കാലയളവിലെ യു.സി എ.ജിക്ക് അയച്ചതായി കാണുന്നില്ല. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

21. സെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 2017-18 | 8 | 35 | 203000 (35 X 5800 രൂപ) | 203000 | - |

ആനുകുല്യം നൽകുന്നതു സംബന്ധിച്ച് രജിസ്റ്റർ പരിപാലിക്കേണ്ടതും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക, വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത് സംബന്ധിച്ചുള്ള വിവരം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യുക.

22. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

ഇഗ്രാന്റ്സിന് അർഹതയില്ലാത്തതും 250000/രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക്ക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകി വരുന്നു. പദ്ധതി പ്രകാരം 2016-17,2017-18 വർഷം അനുവദിച്ച വിവരം ചുവടെ.

| വർഷം | അനുവദിച്ച തുക | ആകെ ചിലവഴിച്ച തുക | ചിലവഴിച്ച തുക | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | സറണ്ടർ തുക |
|---|---|---|---|---|---|---|
| 2016-17 | 6500000 | 6493575 | Outside Kerala Nil | - | - | 6425 |
| | | | Inside Kerala 6493575 | 71 | 193 | |
| 2017-18 | 7500000 | 6813603 | Outside Kerala 492583 | 7 | 11 | 686397 |
| | | | Inside Kerala 6321020 | 77 | 210 | |

രജിസ്റ്റർ വളരെ നന്നായി എല്ലാ രേഖപ്പെടുത്തലുകളും വരുത്തി പരിപാലിക്കുന്നുണ്ട് ആയത് പ്രശംസനീയമാണ്. യു.സി എ.ജിക്ക് അയച്ചതായി കാണുന്നു. മറ്റു പരാമർശമില്ല

23. പോസ്റ്റ്മെട്രിക്ക് സ്കോളർഷിപ്പ്

ജില്ലയിലെ വിവിധ കോളേജുകളിൽ പോസ്റ്റുമെട്രിക്ക് തലത്തിൽ പഠിക്കുന്ന പട്ടികജാതി മറ്റർഹ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാൻസ് മുഖേന ആനുകുല്യം അവരുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകി വരുന്നു. 2017-18 വർഷം ആനുകൂല്യം നൽകിയ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കാറ്റഗറി | ഇ-ഗ്രാന്റ് ലഭ്യമായ കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2017-18 | SC | 15320 | 287601000 |
| | OEC | 10741 | 238731000 |
| | OBC | 17555 | 42942000 |
| | KPCR | 7849 | 23410000 |
| | SEBC | 3783 | 28904000 |
| | FC | 1535 | 12673000 |

മറ്റു പരാമർശമില്ല

**24. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം**

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 20/9/2016 ലെ Dev B3 2484/16 നമ്പർ ഉത്തരവ് പ്രകാരം 2016-17 വർഷം 300000/രൂപ അനുവദിച്ചതിൽ 290000/ രൂപ മുൻകൂർ മാറുകയും ആയത് ക്രമീകരിച്ചതായും വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായും കാണുന്നു.

2017-18 വർഷം ഡയറക്ടറുടെ 15/9/2017 ലെ Dev B3 15760/17 നമ്പർ ഉത്തരവ് പ്രകാരം 50,000/ രൂപ അനുവദിക്കുകയും വൈപ്പിൻ, പാറക്കടവ് എന്നീ ബ്ളോക്കുകൾ യഥാക്രമം 25000/ രൂപ, 21950/ രൂപ ചിലവഴിക്കുകയും ബാലൻസ് തുകയായ 3050/ രൂപ ചെല്ലാൻ പ്രകാരം തിരിച്ചടച്ച് ക്രമീകരിച്ചതായും കാണുന്നു. വൈപ്പിൻ ബ്ളോക്ക് ക്രമീകരിച്ചതിന്റെ വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

**25. അതിക്രമം തടയൽ നിയമം-ധനസഹായ പദ്ധതി**

2016-17 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ അതിക്രമം തടയൽ നിയമ പ്രകാരം ധനസഹായം അനുവദിച്ചതിന്റെ ഒരു സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിക്കപ്പെട്ടവരുടെ എണ്ണം | ചെലവ് |
|---|---|---|
| 2016-17 | 32 | 3945000 |
| 2017-18 | 24 | 2850000 |

അതിക്രമത്തിന് ഇരയായവരുടെ എണ്ണത്തിൽ ജില്ലയിൽ വർദ്ധനവു തന്നെയാണ് കാണിക്കുന്നത്. ഇരയായവർക്ക് ധനസഹായം നൽകുന്നത് മാത്രമല്ല ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. നേരെ മറിച്ച് അതിക്രമം കുറച്ചു കൊണ്ടു വരുന്നതിലാണ് ഊന്നൽ നൽകേണ്ടത്. ഇതിലേയ്ക്ക് ജനങ്ങളുടെ ഇടയിൽ ആവശ്യമായ ബോധവത്കരണം നൽകേണ്ടതായുണ്ട്. കോളനി കേന്ദ്രീകരിച്ച് സെമിനാറുകൾ, ബോധവത്കരണ ക്ളാസുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് SCDO മാർക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ നൽകി സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്. വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. 28/3/2018 ൽ ട്രഷറിയിൽ സമർപ്പിച്ച് ക്യൂവിലുള്ള ബില്ലുകളുടെ സ്ഥിതി അറിയിക്കേണ്ടതാണ്.

26. **പ്രീമെട്രിക്ക്/പോസ്റ്റ് മെട്രിക് ഹോസ്റ്റൽ.**

ജില്ലയിൽ നിലവിലുള്ള 5 പ്രീമെട്രിക്ക് ഹോസ്റ്റലുകളും 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും നിലവിലുണ്ട്. പ്രീമെട്രിക്ക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾക്കായി 16-17 വർഷം 1935199/- രൂപയും, 17-18 വർഷം 3228826/- രൂപയും വിനിയോഗിച്ചിട്ടുണ്ട്. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾക്കായി 16-17 വർഷം 3062997/- രൂപയും, 17-18 വർഷം 4473799/- രൂപയും വിനിയോഗിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

## പാർട്ട് IV

**മറ്റു രജിസ്റ്ററുകൾ**

1. **ഡസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

രജിസ്റ്റർ പരിപാലിച്ചു വരുന്നു. 23/05/18 ൽ (പരിശോധനാ തീയതിയിൽ) രജിസ്റ്റർ പ്രകാരം 443/- രൂപയുടെ സ്റ്റാമ്പ് നീക്കിയിരിപ്പുണ്ട്. സ്റ്റാമ്പിന്റെ ഭൗതിക പരിശോധനയിൽ ആയത് ശരിയാണെന്ന് ബോധ്യപ്പെട്ടു. ദ്വൈവാര ഭൗതിക പരിശോധന നടത്തിവരുന്നുണ്ട്. മറ്റു പരാമർശമില്ല.

2. **ഫർണിച്ചർ രജിസ്റ്റർ**

KFC form 18 chapter 7 article 161 (b) പ്രകാരമുള്ള ഫർണിച്ചർ രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. 31/03/18 വരെ വർഷാന്ത്യ ഭൗതിക പരിശോധനാ സാക്ഷ്യപത്രം രേഖപ്പെടുത്തിക്കാണുന്നു. ഈ രജിസ്റ്ററിൽ ഫർണിച്ചർ വിവരങ്ങൾക്കു പുറമെ വിവിധ ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിക്കാണുന്നു. ഇത് ഒഴിവാക്കേണ്ടതാണ്. ഫർണിച്ചർ രജിസ്റ്ററിൽ ഫർണിച്ചർ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തേണ്ടതും കമ്പ്യൂട്ടർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേകം രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്. (ഗവ. സർക്കുലർ നം. 86/Fin. dtd. 24/09/10)

3. **DD രജിസ്റ്റർ**

പരിശോധന കാലയളവിൽ ഡി.ഡി.കളുടെ ഉപയോഗം ഇല്ലാത്തതിനാൽ പ്രസ്തുത രജിസ്റ്റർ പരിപാലിച്ചു വരുന്നില്ല.

4. **ആസ്തി രജിസ്റ്റർ**

പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള വസ്തുവകകൾ പൊതു ആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ, മറ്റ സ്ഥാവരജംഗമവസ്തുക്കളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച് ഒരു രജിസ്റ്റർ പരിപാലിച്ചു കാണുന്നില്ല. വകുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ ആസ്തി വിവരങ്ങൾ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ പരിപാലിക്കേണ്ടതും വസ്തുവകകളുടെ മൂല്യം വാർഷികമായി കണക്കാക്കി ജില്ലാ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

5. **കണ്ടിജന്റ് ബിൽ രജിസ്റ്റർ**

കണ്ടിജന്റ് ബിൽ രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്. ശരിയായ മാതൃകയിലല്ല ഈ രജിസ്റ്റർ പരിപാലിച്ചു കാണുന്നത്. ബിൽ നമ്പരും ബിൽ തുകയും മാത്രമേ രേഖപ്പെടുത്തിക്കാണുന്നുള്ളൂ.

അലോട്ട്മെന്റ്, പ്രോഗ്രസ്സീവ് ടോട്ടൽ, ബാലൻസ്, സറണ്ടർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

6. അലോട്ട്മെന്റ് രജിസ്റ്റർ

രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. ഓരോ ശീർഷകത്തിലും ആകെ ലഭിച്ച അലോട്ട്മെന്റ് എത്രയെന്ന് ടോട്ടൽ ചെയ്ത് എഴുതിയിട്ടില്ല. ശീർഷകങ്ങളുടെ ഇൻഡക്സ് രേഖപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

7. പേ ബിൽ രജിസ്റ്റർ

പേ ബിൽ രജിസ്റ്റർ നല്ല രീതിയിൽ പരിപാലിച്ചു വരുന്നുണ്ട്. പ്രത്യേക പരാമർശമില്ല.

8. ലോഗ് ബുക്ക്

KL.OI.BG-8035 Mahindra BOLERO (Diesel) യാണ് നിലവിൽ ഉപയോഗിക്കുന്നവാഹനം. 17./10/2016 ലെ ഫ്യുവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റ് പ്രകാരം 11 km/Ltr Diesel ആണ് അനുവദിക്കപ്പെട്ട മൈലേജ്. ഇന്ധന പരിധി പ്രതിമാസം 87 Ltr Diesel ആണ്. 11/2016 മുതൽ 03/2018 വരെയുള്ള ഇന്ധന ഉപഭോഗം സംബന്ധിച്ച വിവരം ചുവടേ ചേർക്കുന്നു.

| Month | Stock Of Fuel (in Ltr) | Fuel Parchased for the month | Total (in Ltr) | Journey in KM | Fuel used for the month | Balance | Excess if any |
|---|---|---|---|---|---|---|---|
| Nov-16 | 59.26 | 115.17 | 174.43 | 1613 | 146.64 | 27.79 | 59.64 |
| Dec-16 | 27.8 | 128.4 | 156.2 | 1360 | 123.64 | 32.56 | 36.64 |
| Jan-17 | 32.57 | 116.8 | 149.37 | 1457 | 132.45 | 16.92 | 45.45 |
| Feb-17 | 16.92 | 103.5 | 120.42 | 848 | 77.09 | 43.33 | Nil |
| Mar-17 | 43.42 | 115.7 | 159.12 | 1105 | 100.45 | 58.67 | 13.45 |
| Apr-17 | 58.67 | 49.54 | 108.21 | 550 | 50.00 | 58.21 | Nil |
| May-17 | 58.21 | 59.4 | 117.61 | 1107 | 100.64 | 16.97 | 13.64 |
| Jun-17 | 16.98 | 152.07 | 169.05 | 1343 | 122.09 | 46.96 | 35.09 |
| Jul-17 | 46.96 | 55 | 101.96 | 900 | 81.82 | 20.14 | Nil |
| Aug-17 | 20.15 | 95.55 | 115.7 | 685 | 62.27 | 53.43 | Nil |
| Sep-17 | 53.43 | 0 | 53.43 | 220 | 20.00 | 33.43 | Nil |
| Oct-17 | 33.43 | 59 | 92.43 | 805 | 73.18 | 19.25 | Nil |
| Nov-17 | 19.25 | 165.5 | 184.75 | 1765 | 160.45 | 24.30 | 73.45 |
| Dec-17 | 24.3 | 154.85 | 179.15 | 1495 | 135.91 | 43.24 | 48.91 |
| Jan-18 | 43.25 | 88 | 131.25 | 1273 | 115.73 | 15.52 | 28.73 |
| Feb-18 | 15.53 | 149 | 164.53 | 1627 | 147.91 | 16.62 | 60.91 |
| Mar-18 | 16.63 | 209.14 | 225.77 | 2307 | 209.73 | 16.04 | 122.73 |

ജില്ലാ പട്ടികജാതി വികസന ആഫീസറുടെ ഉപയോഗത്തിലുള്ള വാഹനത്തിന്റെ ഇന്ധന സീലിംഗ് 87 ലിറ്ററാണ്. ആയതിൻ പ്രകാരം 2016-17 വർഷത്തിൽ 155.18 ലിറ്ററും, 2017-18 വർഷത്തിൽ 383.45 ലിറ്ററും സീലിംഗ് അധികരിച്ചതായി കാണുന്നു. അധികരിച്ച സീലിംഗ് സാധൂകരിച്ചതായി കാണുന്നില്ല. 2016 നവംബർ മാസം മുതൽ അധികരിച്ച ഇന്ധന ഉപയോഗം അംഗീകാരം വാങ്ങി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മൈലേജ്ടെസ്റ്റ് നടത്തിയിട്ടുണ്ട്. ഇൻഷുറൻസ് പുതുക്കിയതായും കാണുന്നു.

9. <u>സർവ്വീസ് ബുക്ക്.</u>

ജീവനക്കാരുടെ സർവ്വീസ് വെരിഫിക്കേഷൻ പേജ് നമ്പർ 107 ൽ എഴുതി സാക്ഷിപ്പെടുത്തണം. ജോലിയിൽ പ്രവേശിച്ച പുതിയ ജീവനക്കാരുടെ Personal Details, GPF, SLI, GIS തുടങ്ങിയ വിവരങ്ങൾ കൂടാതെ ജീവനക്കാർ മറ്റ് ഓഫീസിലേയ്ക്ക് സ്ഥലം മാറി പോകുമ്പോൾ ടി വിവരം കൂടി സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തി DDO സാക്ഷ്യപ്പെടുത്തണം. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. സർവ്വീസ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ ചില ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

a) <u>മഹേഷ് പി.എസ്, സീനിയർ ക്ളാർക്ക്</u>

പേജ് നമ്പർ 8,9 ലെ GPF, SLI, GIS തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി DDO സാക്ഷ്യപ്പെടുത്തണം.

b) <u>ലിജി ആന്റണി, ജൂനിയർ ക്ളാർക്ക്</u>

ജീവനക്കാരിയുടെ ഫോട്ടോ, Personal Details, GPF, SLI, GIS തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി DDO സാക്ഷ്യപ്പെടുത്തണം. കൂടാതെ വർഷാന്ത്യമുള്ള സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫൈ ചെയ്ത് uptodate ആയി സൂക്ഷിക്കെണ്ടതാണ്.

c) <u>ജയപ്രകാശ് പി. എൻ ജൂനിയർ ക്ളാർക്ക്</u>

31/3/2016 ന് ശേഷം ജീവനക്കാരന്റെ സർവ്വീസ് വെരിഫിക്കേഷൻ നടത്തിയതായി കാണുന്നില്ല. Personal Details, GPF, SLI, GIS തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി DDO സാക്ഷ്യപ്പെടുത്തേണ്ടതാണ്.

d) <u>എം. എ. ഗ്രേസി, കുക്ക് , പോസ്റ്റ്മെട്രിക്ക് ഹോസ്റ്റൽ , എറണാകുളം</u>

ജീവനക്കാരി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 1/8/2016 ലെ ജി1 13680/16(1) നമ്പർ ഉത്തരവ് പ്രകാരം കണ്ണട അലവൻസ് വാങ്ങിയതായി കാണുന്നു . ആയത് രേഖപ്പെടുത്തി കാണുന്നില്ല. ജീവനക്കാരിയുടെ വർഷാന്ത്യമുള്ള സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫൈ ചെയ്ത് uptodate ആയി സൂക്ഷിക്കെണ്ടതാണ്. ന്യൂനത പരിഹരിക്കേണ്ടതാണ്.

e) <u>സജീവ് എൻ. കെ, വാർഡൻ</u>

31/3/2016 ന് ശേഷം ജീവനക്കാരന്റെ സർവ്വീസ് വെരിഫിക്കേഷൻ നടത്തിയതായി കാണുന്നില്ല. Personal Details, GPF, SLI, GIS തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി DDO സാക്ഷ്യപ്പെടുത്തേണ്ടതാണ്. എൺട്ലീവ്, ഹാഫ്പേ ലീവ്, സറണ്ടർ എന്നീ വിവരങ്ങൾ uptodate ചെയ്ത് കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

10. ഇൻകംപന്റ് രജിസ്റ്റർ.

ജീവനക്കാരുടെ വിവരം സംബന്ധിച്ച ഇൻകംപൻന്റ് രജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ടില്ല. രജിസ്റ്ററിൽ ജീവനക്കാരുടെ സംബന്ധിച്ച് എല്ലാ രേഖപ്പെടുത്തലുകളും വരുത്തി uptodate ചെയ്ത് പേജ് നമ്പർ, ഇൻഡക്സ് എന്നിവ എഴുതി DDO സാക്ഷ്യപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്റ്ററിന്റെ തുടക്കപേജിൽ ഇൻടക്സ് എഴുതുന്നതിലൂടെ ഓഫീസിലെ ജീവനക്കാരുടെ വിവരം കൃത്യമായി മനസ്സിലാക്കുവാൻ കഴിയുന്നുതാണ്. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ വിവരം ക്രമനമ്പർ പ്രകാരം രേഖപ്പെടുത്തേണ്ടതും, സ്ഥലം മാറി പോകുന്ന ജീവനക്കാരുടെ ക്രമനമ്പർ നേർക്ക് ചുമന്ന മഷി കൊണ്ട് വൃത്താകൃതിയിൽ മാർക്ക് ചെയ്യാവുന്നതുമാണ്.

11. ഇൻക്രിമെന്റ് രജിസ്റ്റർ.

രജിസ്റ്റർ പേജ് നമ്പർ എഴുതി DDO സാക്ഷ്യപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിന്റെ തുടക്കപേജിൽ ഇൻടക്സ് എഴുതുന്നതിലൂടെ ഓഫീസിലെ ജീവനക്കാരുടെ വിവരം, ഇൻക്രിമെന്റ് മാസം എന്നിവ കൃത്യമായി മനസ്സിലാക്കുവാൻ കഴിയുന്നുതാണ്. മറ്റു പരാമർശമില്ല.

## പൊതു അഭിപ്രായം

എറണാകുളം ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. നല്ലരീതിയിൽ ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം ഇവിടെയുണ്ട്. ഓഫീസ് ഫയലുകളും രജിസ്റ്ററുകളും അടുക്കി സൂക്ഷിക്കുന്നതിലും, വിവിധ പദ്ധതികൾക്കായി ബ്ളോക്ക് തലങ്ങളിൽ ചെലവഴിക്കുന്ന തുക സംബന്ധിച്ചുള്ള വിവരം രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നതിന് കുറച്ചുകൂടി ശ്രദ്ധ നൽകേണ്ടതാണ്. ബ്ളോക്ക് മുഖാന്തരം വിതരണം ചെയ്യുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം എ.ജി യ്ക്ക് അയക്കുന്നുണ്ടെന്ന് ജില്ലാ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. ബിംസ്, ബാംസ്, സ്പാർക്ക് മുഖാന്തരം പാസാക്കുന്ന ബില്ലുകളുടെ അകിറ്റൻസ് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി പരിപാലിക്കുന്നതിൽ വീഴ്ച്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കുക. മറ്റ് ആഫീസ് നടപടികളെല്ലാം ക്രമപ്രകാരമാണെന്ന് കാണുന്നു. പരിശോധനാ തീയതികളിൽ ഓഡിറ്റ് ടീമിനോട് എല്ലാവിധ സഹകരണവും ജീവനക്കാർ പുലർത്തിയിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നു.

ഹരികൃഷ്ണൻ സി.ജി
ജൂനിയർ സൂപ്രണ്ട്, ഫിൻ. സി.ഓഡിറ്റ്
പട്ടികജാതി വികസന വകുപ്പ് ഡയറക്ട്രേറ്റ്
നന്ദാവനം, തിരുവനന്തപുരം

===========

M. MUHAMMED HARIS
Joint Secretary to Govt.
Finance Department
D/D. Senior Finance Officer
Directorate of Scheduled Caste Development
Thiruvananthapuram